ശ്രീ. പി. ജെ. ജോസഫ് : പ്രൈവറ്റ് കെമേഴ്സ്യൽ ബാങ്കുകളും കേരളത്തിലെ സൗത്ത് ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നിവയെല്ലാം ആർ. ബി. ഐ.യുടെ ഡയറക്ഷനിൽ, മറ്റു ബാങ്കുകളും കൊടുക്കുന്നതുപോലെ ഒരേ നോംസിൽ ലോൺ കൊടുക്കുന്നുണ്ട്. അവരെ ഇതിൽപ്പെടുത്തിയിട്ടില്ല. അപ്പോഴും അവിടെനിന്നും ലോണെടുത്തിട്ടുള്ള കർഷകർക്കുകൂടി ഇത് ബാധകമാകത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ പലിശ സബ്സിഡി ഏറ്റവും വേഗം കൊടുക്കുവാനുള്ള നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് ഒരു കേന്ദ്ര പദ്ധതിയാണെന്ന് ഞാൻ പറഞ്ഞു. നമ്മളും അവരെ അറിയിക്കാം എന്നല്ലാതെ നമുക്കതിൽ നടപടി എടുക്കുവാൻ നിവൃത്തിയില്ല. പലിശ സബ്സിഡിയുടെ കാര്യം ഗവൺമെന്റ് പുതിയ സ്കീമിൽപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു.

(2) സ്വകാര്യ പ്രസ് തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് പ്രസ് തൊഴിലാളികളുടെ അടിയന്തിരാവശ്യം പരിഗണിക്കണമെന്നുള്ളതു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാനിത് അവതരിപ്പിക്കുന്നത്.

സ്വകാര്യമേഖലയിൽ നമ്മുടെ സംസ്ഥാനത്തുടനീളം പതിനായിരക്കണക്കിന് പ്രസ് തൊഴിലാളികളും പണിയെടുക്കുന്നതുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകളും നിജപ്പെടുത്തണമെന്നും ക്ഷേമ നിയമങ്ങളും പാസ്സാക്കണമെന്നും പ്രമേയങ്ങളും നിവേദനങ്ങളും കൊടുക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ഇതുവരെയും അതിനെക്കുറിച്ച് ഒരു ചർച്ച നടത്തുവാനോ, എന്തെങ്കിലും നിയമനിർമ്മാണം നടത്തുവാനോ സർക്കാർ തയ്യാറായിട്ടില്ല. ഇത്തരം തൊഴിലാളികളും വളരെ വിഭിന്നരാണ്. ഈ മേഖലയിൽ എല്ലാ ആളുകൾക്കും പണിയെടുക്കുവാൻ കഴിയുന്നില്ല. അവരുടെ മിനിമം വേജസ് പോലും പുതുക്കി നിശ്ചയിച്ചിട്ട് വർഷങ്ങളേറെയായി. 1957 മുതൽ 1987 വരെയുള്ള 30 വർഷക്കാലത്തിനിടയ്ക്ക് നാലു തവണ മാത്രമാണ് അവരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. അതുപോലെതന്നെ ലിവിംഗ് ഇൻഡക്സ് അനുസരിച്ച് നൂറ് പോയിന്റ് കഴിഞ്ഞാൽ ഒരു പോയിന്റിന് ഒരു രൂപ അമ്പത്തിയാറ് പൈസയാണ് നിശ്ചയിച്ചിട്ടുള്ളത്. അവരുടെ ജീവിതനിലവാരവും സാധനങ്ങളുടെ വിലവർദ്ധനവും വച്ചു നോക്കിയാൽ ഇത് വളരെ അപര്യാപ്തമാണെന്ന് പറയാതെതന്നെ മനസ്സിലാകുന്നതാണ്. അവർക്ക് പെൻഷൻ നൽകണമെന്നും അവരുടെ സേവന-വേതന വ്യവസ്ഥകളും നിജപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അവർ സ്വകാര്യമേഖലയിലാണ് പണിയെടുക്കുന്നതെങ്കിലും അച്ചടി വ്യവസായത്തിനു വേണ്ട ലെഡ് പോയിസൺ, മണ്ണെണ്ണ, മഷി തുടങ്ങിയ സാധനങ്ങളും ഉപയോഗിക്കുന്നതുകൊണ്ട് മാരകമായ രോഗങ്ങളും വരുന്നു. ഇവർക്കുവേണ്ടി യാതൊരു ചികിൽസാസമ്പ്രദായവുമില്ല. ഇ. എസ്. ഐ. സമ്പ്രദായം അവർക്കുകൂടി ബാധകമാകത്തക്കവിധത്തിലുള്ള നടപടികളും ആവിഷ്ക്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഗവൺമെന്റ് പ്രസ്സുകളിൽ ചെയ്തുതീർക്കാൻ കഴിയാത്ത വളരെ അധികം ജോലികളുണ്ട്. ഇത്തരം ജോലികൾ മുഴുവൻ നമ്മുടെ സംസ്ഥാനത്തിനകത്തുതന്നെ നിലനിറുത്തിക്കൊണ്ട് സ്വകാര്യമേഖലയിലെ പ്രസ്സുകൾക്ക് കൊടുത്ത് നമ്മുടെ സംസ്ഥാനത്തെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കിക്കൊടുക്കേണ്ടതാണ്. പക്ഷെ ഇന്ന് നടക്കുന്നതെന്താണെന്നുവച്ചാൽ, പല ആളുകളും ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചുകൊണ്ട് വ്യാജമായ പല പ്രസ്സുകളുടെയും പേരു പറഞ്ഞ് മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്. പ്രസ്സോ, അതിനുള്ള സംവിധാനമോ ഇല്ലാതെ വ്യാജമായ ലേബലുകൾ വച്ചുകൊണ്ട് അടുത്ത സംസ്ഥാനത്തേക്ക് ഇത്തരം ജോലികൾ കൊണ്ടുപോകുകയാണ്. അതിനെ തടസ്സപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കണം. അതുപോലെതന്നെ പല പ്രസ്സുകളിലും മിനിമം വേജസ് ഏർപ്പെടുത്തിയിട്ടില്ല. അതിനുവേണ്ടി ഗ്രേഡ് തിരിക്കണം. ഗ്രേഡ് തിരിച്ചില്ലെങ്കിൽ പല പ്രസ്സുകളും നിന്നുപോയെന്നു വരും. ഗ്രേഡ് തിരിച്ച് മിനിമം വേജസ് ഏർപ്പെടുത്തി, അത്തരത്തിലുള്ള ആളുകൾക്ക് കവറേജിനിൽ പങ്കെടുക്കുവാനുള്ള അവസരം കൊടുക്കേണ്ടതാണ്. സ്വകാര്യ മേഖലയിലുള്ളവർക്ക് വേണ്ടിടത്തോളം പ്രോൽസാഹനം ലഭിച്ചാൽ ഇന്നത്തെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ആശ്വാസം ലഭിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മിനിമം വേജസ് തൊഴിലാളികൾക്ക് ലഭ്യമാക്കണമെന്നുള്ളത് ഗവൺമെന്റ് പോലും അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. അതുകൊണ്ട് അതവർക്ക് ലഭിക്കേണ്ടതാണ്.

അതുപോലെതന്നെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരണമെന്നുള്ളത് എല്ലാക്കാലത്തും ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. ഇതുവരെ ക്ഷേമനിധി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടില്ല. കേരളത്തിലെ മറ്റു പല മേഖലകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ അവസരമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. എന്നാൽ പ്രസ് തൊഴിലാളികൾക്ക് ആ അവസരമുണ്ടാക്കിക്കൊടുത്തിട്ടില്ല. അതുപോലെതന്നെ പ്രസ്സുകാരെ നിലനിറുത്തണം, അതിനുവേണ്ടി അവർക്ക് ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. മാത്രമല്ല, ധനകാര്യസ്ഥാപനങ്ങളിൽനിന്ന് അച്ചടിയന്ത്രങ്ങളും മറ്റും വാങ്ങുന്നതിനാവശ്യമായ വായ്പകൾ നൽകി പ്രസ്സ് ഉടമകൾക്കും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും അവസരം ഉണ്ടാക്കിക്കൊടുത്ത്, വിദഗ്ദ്ധരായ പ്രസ്സ് തൊഴിലാളികളെ നിലനിറുത്തുന്നതിനും ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ) : സർ, തൊഴിൽ വകുപ്പിന്റെ പരിധിയിൽപ്പെടാത്ത പല പ്രശ്നങ്ങളും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഒന്നാമത് അച്ചടിയന്ത്രങ്ങളും മറ്റും വാങ്ങുന്നതിനുള്ള ധനസഹായം നൽകണമെന്നത്. അതൊക്കെ വ്യവസായ വകുപ്പും ധനകാര്യ വകുപ്പും പരിഗണിക്കേണ്ട കാര്യങ്ങളാണ്. അതുപോലെ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കാൻ കഴിയാത്ത ജോലികൾ ഇവിടത്തെ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്ന കാര്യത്തെക്കുറിച്ചും പറയുകയുണ്ടായി. അതുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെയും നയം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പാണ് പ്രധാനമായിട്ടും അച്ചടിക്കുവേണ്ടി ഗവൺമെൻറ് പ്രസ്സിനെ ഏൽപ്പിക്കുന്നത്, അല്ലാത്ത ജോലികളും ഇപ്പോൾ സ്വകാര്യ പ്രസ്സുകൾക്കുതന്നെ കൊടുക്കണമെന്നാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ തെങ്കാശി തുടങ്ങിയ പ്രദേശങ്ങളിൽ വളരെ ചുരുങ്ങിയ കൂലിക്ക് ഈ പണികളും നടക്കുമെന്നുള്ളതുകൊണ്ട് ചില സ്വകാര്യ ഉടമകൾതന്നെ തെങ്കാശിയിലും മറ്റും കൊണ്ടുപോയി അച്ചടി ജോലികളും നടത്തുന്നതായി ഗവൺമെൻറിന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇക്കാര്യത്തിൽ മറ്റ് നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ല.

തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായിട്ട് മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രധാനമായിട്ട് ഇവിടെ പറഞ്ഞത്, മിനിമം വേജസ് പുതുക്കിയിട്ടില്ലെന്നതാണ്. ഇപ്പോൾ പ്രസ് വ്യവസായത്തിൽ അച്ചടിശാലകളിലെ തൊഴിലാളികൾക്ക് നിലവിലുള്ള മിനിമം കൂലി 1986-ൽ മാത്രമാണ് നിലവിൽ വന്നത്. അതിന്റെ കാലാവധി മാർച്ച് മാസത്തിൽ അവസാനിച്ചതേയുള്ളു. ഇനി സ്വാഭാവികമായി, അഞ്ചു വർഷം കഴിഞ്ഞ സ്ഥിതിക്ക് മിനിമം വേജസ് പുതുക്കി നിർണ്ണയിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ ക്ഷാമബത്തയുടെ കാര്യം ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിലവിലുള്ള മിനിമം വേജസിൽ ക്ഷാമബത്തയും ഉൾക്കൊണ്ട്, അതാത് ജില്ലകളിലെ അംഗീകൃത ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ നൂറു പോയിൻറിന് മുകളിൽ മാസശമ്പളക്കാർക്ക് 1 രൂപ 56 പൈസയും, ദിവസ ശമ്പളക്കാർക്ക് നൂറു പോയിൻറിന് മുകളിൽ 6 പൈസയും ആയി ക്ഷാമബത്ത നിർണ്ണയിച്ചിട്ടുണ്ട്. അത് പുതുക്കി നിർണ്ണയിക്കുന്ന കാര്യം ഞാൻ പറഞ്ഞതുപോലെ ഇനിമേൽ മാത്രമേ പരിശോധിക്കുകയുള്ളൂ. അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

അതുപോലെതന്നെ ഇവിടെ ക്ഷേമനിധിയുടെ കാര്യം പറഞ്ഞു. ഇപ്പോൾ അക്കാര്യം പരിഗണിച്ചിട്ടില്ല. ചില നിവേദനങ്ങളും ഇതു സംബന്ധിച്ച് കിട്ടിയിട്ടുണ്ട്, അത് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറും അക്കാര്യം ഇവിടെ ആവർത്തിച്ചു. ഗവൺമെൻറ് അക്കാര്യത്തിൽ അർഹമായ പരിഗണന നൽകുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാനാഗ്രഹിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : ഇതിനാവശ്യമായ ഒരു നിയമനിർമ്മാണം വേണ്ടിവരും. അതെന്നത്തേക്ക് തയ്യാറാക്കി സഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

മി. സ്പീക്കർ : ഏതായാലും ഈ സഭയിലൊക്കുകയില്ല.

ശ്രീ. കെ. പങ്കജാക്ഷൻ : ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ഏതായാലും ഈ സഭയിൽ നിയമനിർമ്മാണത്തിനുള്ള അവസരം അവസാനിച്ചിരിക്കുകയാണ്. സ്വാഭാവികമായി അടുത്തുവരുന്ന നിയമസഭയുടെ പരിഗണനയിൽ ഈ പ്രശ്നം വരുന്നതാണ്.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly